LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരായ ശ്രീ.പി.എസ്. സുരേഷ് കുമാറിനെതിരായി ടി ഓഫീസിലെ വനിതാ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള പരാതിയിന്മേൽ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത പരാതിയിന്മേൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ട് ഉടൻതന്നെ സർക്കാരിന് സമർപ്പിക്കുന്നതാണെന്നും വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊഴിൽ മേഖലയിൽ വിവര സാങ്കേതിക വിദ്യയുടെ ശരിയായ വിനിയോഗം

203 (4194) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവര സാങ്കേതിക വിദ്യയുടെ ശരിയായ വിനിയോഗം സാധ്യമാക്കി മെച്ചപ്പെട്ട ഉത്പാദനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പരമ്പരാഗത തൊഴിൽ മേഖലയിൽ വിവര സാങ്കേതിക വിദ്യ പ്രയോഗിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു പറയാമോ ;

(ബി) കേരളത്തിലെ തകരുന്ന കയർ വ്യവസായത്തെ രക്ഷിക്കുവാൻ ആധുനിക സാങ്കേതിക വിദ്യകളും വിവര സാങ്കേതിക സാധ്യതകളും വിനിയോഗിച്ച് തൊഴിൽ നഷ്ടം ഇല്ലാത്ത വിധം ഒരു പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രതിദിനം 8 മണിക്കൂർ കൊണ്ട് ഏകദേശം 60 കിലോഗ്രാം കയർ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർപിരിക്കാൻ കഴിയുന്നതുമായ ആധുനിക ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എൻ.സി.ആർ.എം.ഐ.)

ആഭിമുഖ്യത്തിൽ വികസിപ്പിച്ചുവരുന്നു. അടൂർ കിൻഫ്ര പാർക്കിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക പി.വി.സി. ടഫ്റ്റഡ് ഉൾപ്പെടെയുള്ള സംയോജിത യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. കയർ മാറ്റസ് ആന്റ് മാറ്റിംഗ്സ് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള കയർ ലൂമും വികസിപ്പിച്ചുവരുന്നു. റബ്ബറിൽ കയർപിത്ത് ഫില്ലർ മെറ്റീരിയൽ ആയി ഉപയോഗിച്ച് ചെരുപ്പ്, ഡോർമാറ്റ് മുതലായ ഉൽപ്പന്നങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കയർ മേഖലയ്ക്കാവശ്യമുള്ള യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് യന്ത്രനിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കയർ മാർക്കറ്റിംഗ് രംഗത്ത് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്ത നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ലാഭ-നഷ്ട കണക്കുകൾ

204 (4195) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ 2011-12, 2012-13 വർഷങ്ങളിലെ ലാഭ-നഷ്ട കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം കമ്പനികളിലാണ് ഇപ്പോൾ ഉൽപ്പാദനം മുടങ്ങിയിരിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2011-12,2012-13 വർഷങ്ങളിലെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ ഒരിടത്തും ഉൽപ്പാദന പ്രവർത്തനങ്ങൾ മുടങ്ങിയിട്ടില്ല.

മലബാർ സിമന്റ്സ് വിപുലീകരണ പദ്ധതി

205 (4196) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly